(ഡി) നിലവിൽ കോർപ്പറേഷൻ സെപ്റ്റംബർ 2014-ലെ പെൻഷൻ തുക ഭാഗികമായി മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. പ്രസ്തുത മാസം മിനിമം പെൻഷൻ തുകയുള്ള പെൻഷൻകാർക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ 2014 മുതലുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടില്ല. ടി പെൻഷൻ കടിശ്ശിക തീർക്കുന്നതിനായി 87 കോടി രൂപ ആവശ്യമാണ്.

(ഇ) 2014 സെപ്റ്റംബർ മാസത്തെ കണക്കനുസരിച്ച് പ്രതിമാസം ശരാശരി 40.16 കോടി രൂപ പെൻഷൻ വിതരണത്തിനായി ആവശ്യമാണ്.

## ഇന്ധന വിലനിലവാരത്തിനനുസരിച്ചുള്ള ചാർജ്ജ് ക്രമീകരണം

329 (331) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ധന വില കുറഞ്ഞ സാഹചര്യത്തിൽ ബസ്, ഓട്ടോ, ടാക്സി നിരക്കുകൾ കുറയ്ക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇന്ധന വിലനിലവാരത്തിനനുസരിച്ച് ചാർജ്ജുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

## ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് ജീവനക്കാർക്കുള്ള അവധി

330 (332) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രത്യേക അലവൻസ് ലഭ്യമാക്കാത്തതിന്റെ കാരണം എന്താണ്; വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് രണ്ടാം ശനിയാഴ്ച അവധി ദിനമായി അനുവദിക്കാത്തതിന്റെ കാരണം എന്താണ്? വിശദമാക്കുമോ ?

**ഉത്തരം**

(എ) ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് വീക്ക് ലി ഓഫും അവധി ദിനങ്ങളിൽ ജോലി ചെയ്യുന്നതിന് കോമ്പൻസേറ്ററി ഓഫും നൽകുന്നുണ്ട്. അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് പ്രത്യേക അലവൻസ് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബോട്ട് സർവ്വീസ് എല്ലാ ദിവസവും മുടക്കം കൂടാതെ നടത്തേണ്ടതുണ്ട്. ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം 20 കാഷ്വൽ ലീവും 22 കോമ്പൻസേറ്ററി ഓഫും (എൻ.എച്ച്.) നൽകുന്നുണ്ട്. ഇപ്രകാരമുള്ള ലീവുകൾ കൂടി കണക്കിലെടുത്താണ് ഒരു ബോട്ടിന് 3 സെറ്റ് ജീവനക്കാരെ (15 ജീവനക്കാർ) അനുവദിച്ചിട്ടുള്ളത്. രണ്ടാം ശനിയാഴ്ച അവധി ദിനമായി അനുവദിക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസിലെ വിധി വന്നശേഷമേ തീരുമാനം സാദ്ധ്യമാകൂ.

## ടാങ്കർ ലോറി അപകടങ്ങൾ

331 (333) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി ഫയർഫോഴ്സിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) കണ്ണൂർ ജില്ലയിൽ അടിക്കടി ഉണ്ടാകുന്ന ടാങ്കർ ലോറി അപകടങ്ങൾ കണക്കിലെടുത്ത് ആധുനിക ഉപകരണങ്ങളോടുകൂടിയ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിയിൽ 2014 ജനുവരി 14-ാം തീയതി ടാങ്കർ ലോറി അപകടം ഉണ്ടായപ്പോൾ പ്രശംസനീയമായ പ്രവർത്തനം നടത്തിയ ഫയർ ഫോഴ്സ് ജീവനക്കാർക്ക് പാരിതോഷികം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

## ഉത്തരം

(എ) 1. പാചക വാതകം കൊണ്ടു പോകുന്ന എൽ.പി.ജി. ബുള്ളറ്റ് ടാങ്കറുകളുടെ അപകട ഭീഷണി ഒഴിവാക്കുന്നതിനായി കർശന പരിശോധന നടത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ 12-11-2013-ലെ 25/13-ാം നമ്പർ സർക്കുലർ പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 336 എ ഭേദഗതി ചെയ്ത് എൽ.പി.ജി. വലിയ അളവിൽ കൊണ്ടുപോകുന്ന ഗുഡ്സ് വാഹനങ്ങളുടെ ഗതാഗതത്തിന് രാവിലെ 8 മണി മുതൽ 11 മണിവരെയും വൈകുന്നേരം 4 മണി മുതൽ 6 മണിവരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷ, വാഹനങ്ങളുടെ ഗതാഗതം എന്നിവ പരിഗണിച്ചുകൊണ്ട് പ്രാദേശികമായി ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly